പതിനാലാം കേരള നിയമസഭ
പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 285 02.03.2020 - ൽ മറുപടിക്ക്.

## റേഷൻ കാർഡിലെ തിരുത്തലുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ഡോ.എൻ. ജയരാജ് : | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ കാർഡിൽ കൂട്ടിചേർക്കലോ വെട്ടിച്ചുരുക്കലോ നടത്തുമ്പോൾ പഴയ റേഷൻ കാർഡിൽ പ്രസ്തുത വിവരം എഴുതി രേഖപ്പെടുത്തുന്ന രീതിക്ക് എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | റേഷൻ കാർഡ് സംബന്ധമായ അപേക്ഷകളുടെ ബാഹുല്യം കാരണം അത്യാവശ്യമായി കൂട്ടിച്ചേർക്കലോ വെട്ടിച്ചുരുക്കലോ നടത്തുന്ന സമയത്ത് RCMS ൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയശേഷം റേഷൻ കാർഡിൽ വിവരം എഴുതി നൽകുന്നതിന് നിർദ്ദേശിച്ചിരുന്നു. എന്നാൽ അപേക്ഷകർ ആവശ്യപ്പെടുന്ന പക്ഷം പുതിയ പ്രിന്റ് എടുത്ത് ലാമിനേറ്റ് ചെയ്ത് പുതിയ റേഷൻ കാർഡ് നൽകുന്നതാണ്. ഇപ്രകാരം നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | പ്രസ്തുത തിരുത്തലുകൾ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി കമ്പ്യൂട്ടർ മുദ്രണം ചെയ്ത് അപേക്ഷിച്ചാലുടൻ അവ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | റേഷൻ കാർഡ് സംബന്ധമായ എല്ലാ തിരുത്തലുകളും കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നുണ്ട്. ആയതു പ്രകാരം ഡാറ്റാബേസിൽ ആവശ്യമായ തിരുത്തലുകൾ വരുന്നുമുണ്ട്. ഇപ്രകാരം അപേക്ഷകളിൽ നടപടി സ്വീകരിച്ച് ആയവ ലഭ്യമാക്കി വരുന്നുണ്ട്. |
| (സി) | പുതിയ റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ അന്വേഷണം ആവശ്യമില്ലാത്ത അപേക്ഷകളിൽ അന്നേ ദിവസമോ തുടർ ദിവസങ്ങളിലോ നൽകുന്നതാണ്. അല്ലാത്തവയിൽ ചുരുങ്ങിയ കാലയളവിൽ അന്വേഷണം പൂർത്തിയാക്കി തീർപ്പ് കൽപ്പിച്ചു റേഷൻ കാർഡ് നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ